പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2729** **10.07.2015-ൽ മറുപടിക്ക്**

**പാർട്ട്ണർ കേരള നഗരവികസന സംഗമം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഐ.സി. ബാലകൃഷ്ണൻ**<br>**" സി.പി.മുഹമ്മദ്**<br>**" ഷാഫി പറമ്പിൽ**<br>**" എം..എ. വാഹിദ്** | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) പാർട്ട്ണർ കേരള നഗരവികസന സംഗമം സംഘടിപ്പിച്ചുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ്വേയിൽ വച്ച് പാർട്ട്ണർ കേരള നഗരവികസന സംഗമം നടത്തിയിരുന്നു. |
| (ബി) നഗരവികസന പദ്ധതികൾക്ക് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നിക്ഷേ പകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തി യിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) പാർട്ണർ കേരള മീറ്റിൽ ആകെ 90 പ്രോജ ക്ടുകളാണ് അവതരിപ്പിച്ചത്. പ്രോജക്ട് പ്രൊഫൈയിലുകളുടെ 'പവർ പോയിന്റ് ' അവതരണത്തിലൂടെ മൂന്ന് ഹാളിലായി അവതരണത്തിൽ പങ്കെടുത്ത നിക്ഷേപകർ മുമ്പാകെ ടി പ്രോജക്ടുകൾ വിശദീകരി ച്ചു. പദ്ധതികൾ സംബന്ധിച്ച് ആശയ വിനിമയം നടത്തുന്നതിനുമായി ബന്ധപ്പെട്ട നഗരസഭാ അദ്ധ്യക്ഷൻമാർക്കും, സെക്രട്ടറി മാർക്കും, എഞ്ചിനീയർമാർക്കും, നിക്ഷേപ കർക്കും വേദി ഒരുക്കി അവസരം നൽകി. വിവിധ മേഖലകളിലുള്ള പദ്ധതികൾക്കനു സരിച്ച് സാങ്കേതിക വിവരം ചർച്ച ചെയ്യു ന്നതിന് ശുചിത്വമിഷൻ ഉദ്യോഗസ്ഥരു ടെയും ചീഫ് എഞ്ചിനീയർ തദ്ദശസ്വയം |

ഭരണ വകുപ്പ്, പ്രോജക്ട് ഡയറക്ടർ കെ. എസ്.യു.ഡി.പി, ചീഫ് ടൗൺ പ്ലാനർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കിയിരുന്നു. കൂടാതെ നിക്ഷേപകരുടെ ആശയ നിവാരണത്തിനായി അവസരവും ഒരുക്കിയിരുന്നു.

(സി) ഏതെല്ലാം മേഖലകളിലുള്ള പദ്ധതിക ളാണ് ഇതിൽ അവതരിപ്പിക്കപ്പെടുന്നത്; വിശദമാക്കാമോ;

(സി) സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, കൺവെൻഷൻ സെന്റർ, മൾട്ടിപ്ലക്സ് സിനിമാഹാൾ, അമ്യൂസ്മെന്റ് പാർക്ക്, ഫൂട്ട് ഓവർ ബ്രിഡ്ജ്, പാർക്കിംഗ് മാർക്കറ്റ്, ബസ് ടെർമിനൽ, കംഫർട്ട് സ്റ്റേഷൻ, പാർക്ക്, നഗരവൽക്കരണം, സ്ട്രീറ്റ് ലൈറ്റ്, ഹോർഡിംഗ്സ് എന്നീ മേഖലകളിലുള്ള പദ്ധതികളാണ് നഗരവികസന സംഗമത്തിൽ അവതരിപ്പിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ